# NIDAS: 24

## Specific Language Impairment

## FREQUENTLY ASKED QUESTIONS

1. നിർദ്ദിഷ്ട ഭാഷ വൈകല്യമുള്ള കുട്ടികളെ എങ്ങനെയാണ് തിരിച്ചറിയാൻ കഴിയുക?

കുട്ടി ഒരു വയസ്സിനുള്ളിൽതന്നെ അർത്ഥപൂർണ്ണമായ ആദ്യ വാക്ക് പറഞ്ഞുതുടങ്ങുന്നു, എന്നാൽ അവയുടെ ശബ്ദം വ്യക്തമാകണം എന്നില്ല. ഒന്നര വർഷത്തിനുള്ളിൽ കുട്ടി 10 മുതൽ 20 വരെ വാക്കുകൾ സംസാരിക്കും, തുടർന്ന് 2 വയസ്സിൽ, കുട്ടിയുടെ പദാവലിയിൽ പെട്ടെന്ന് വർദ്ധനവുണ്ടാകുന്നു. ഇത്തരത്തിൽ കുട്ടിക്ക് ഭാഷ വികാസം സംഭാവിക്കുന്നില്ലെങ്കിൽ സ്പീച് പത്തോളോജിസ്റ്റ്നെ സമീപിക്കുക.

2. സാധാരണ കുഞ്ഞുങ്ങളിൽ ഭാഷ വികസമുണ്ടാകുന്നത് എങ്ങനെ?

| പ്രായം | ഭാഷാ വികാസം |
|---|---|
| 0 -3 മാസം | • ഓരോ സന്ദർഭത്തിലും വ്യത്യസ്തമായി കരയുന്നു.<br>ഉദാ: വിശക്കുമ്പോൾ, നനയുമ്പോൾ |
| 4 – 6മാസം | • ശബ്ദങ്ങൾ ഉണ്ടാക്കുന്നു<br>ഉദാ: കൂ.. ആ... |
| 7 -9 മാസം | • ചെറിയ രീതിയിൽ ശബ്ദങ്ങൾ ഉണ്ടാക്കുന്നു<br>ഉദാ: മാമാമാ, ബിബിബി, മാമാ, ഗാഗാ |
| 9-12 മാസം | • അർദ്ധവാത്തയ ആദ്യവാക്ക്<br>ഉദാ: അമ്മാ, അച്ഛാ, ചേച്ചി |
| 1-2 വയസ്സ് | • പദസമ്പത്തിൽ പെട്ടന്നുണ്ടാകുന്ന വളർച്ച<br>• രണ്ട് വാക്കുചേർത്ത് ഉപയോഗിക്കുന്നു.<br>ഉദാ: ഭക്ഷണം താ, അമ്മാ വാ |
| 2 -3വയസ്സ് | • രണ്ട്ആജ്ഞകൾ മനസിലാക്കുന്നു (അടുക്കളയിൽ പോകു എന്നിട്ട് ഗ്ലാസ് എടുക്കു)<br>• കഥകൾ കേൾക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.<br>• മൂന്നു നാലു വാക്കുകൾ ഉപയോഗിച്ചു സംസാരിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു. |

| | |
|---|---|
| 3 -4 വയസ്സ് | • നാലോ അതിൽ കൂടുതലോ വാക്കുകൾ ഉപയോഗിച്ചു സ്കൂളിലെ പ്രവത്തികളെക്കുറിച്ച് പറയുന്നു.<br>• നിറങ്ങൾ, ആകൃതി, കുടുംബ ബന്ധങ്ങൾ എന്നിവയെക്കുറിക്കുന്ന വാക്കുകളെ കുട്ടി മനസിലാക്കുന്നു.<br>• സർവ്വനാമം (അവൻ, അവൾ) ബഹുവചനം എന്നിവ ഉപയോഗിക്കുകയും, എങ്ങനെ എപ്പോൾ എന്ന ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു. |
| 4 – 5 വയസ്സ് | • ക്രമത്തെ സൂചിപ്പിക്കുന്ന വാക്കുകളുടെ അർഥം മനസിലാക്കുന്നു (ആദ്യം, അടുത്തത്, അവസാനം).<br>• വീട്ടിലും സ്കൂളിലും പറയുന്ന ഒട്ടുമിക്ക കാര്യങ്ങളും മനസിലാക്കുന്നു.<br>• കഥ പറയുന്നു.<br>• സാഹചര്യവും സ്ഥലവും അനുസരിച്ച് വ്യത്യസ്ത രീതികളിൽ സംസാരിക്കുന്നു. |

3. എന്റെ കുട്ടിക്ക് ഭാഷാ വികസനത്തിൽ കാലതാമസമുണ്ടെങ്കിൽ ഞാൻ ആരെയാണ് സമീപിക്കേണ്ടത്?

   ഭാഷ വൈകല്യമുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് പരിശീലിപ്പിക്കാൻ ഒരു സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റിനെ സമീപിക്കാം.

4. ഭാഷ വൈകല്യത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

   ഭാഷ വികാസത്തിനു കാരണമാകുന്ന തലച്ചോറിന്റെ ഭാഗത്തിനുണ്ടാകുന്ന പ്രശ്നങ്ങൾ, ജനിതകപരമായ പ്രശ്നങ്ങൾ , പാരിസ്ഥിതിക ഘടകങ്ങൾ (വീട്ടിൽ കുട്ടിക്ക് വേണ്ടത്ര ഭാഷ പഠിക്കാനുള്ള അവസരങ്ങൾ ലഭിക്കാതിരിക്കുക) എന്നിവയാണ് ഭാഷാ വൈകല്യത്തിന്റെ കാരണങ്ങൾ.

5. ഇന്റർവെൻഷൻ തുടങ്ങുന്നതിനുള്ള ഉചിതമായ സമയം ഏതാണ്?

   പ്രാരംഭ ഘട്ടത്തിൽ മാതാപിതാക്കൾ നൽകുന്ന ഉത്തേജനം കുട്ടികളുടെ ഭാഷാ വികസനത്തിന് വളരെയധികം സഹായകമാകുന്നു. ആദ്യഘട്ടത്തിൽ തന്നെ ഭാഷ വൈകല്യം തിരിച്ചറിഞ്ഞ് ശരിയായ പരിശിലനം നൽകുന്നതിലൂടെ കുഞ്ഞിനു

സാധാരണ ഭാഷ കൈവരിക്കാൻ സഹായിക്കുന്നു. ഒന്നര രണ്ട് വയസ്സാകുമ്പോൾ കുട്ടി ഏകദേശം 75 വാക്കുകൾ പറയുകയും രണ്ട വാക്ക് കൂട്ടിച്ചേർത്ത് പറഞ്ഞുതുടങ്ങുകയും വേണം. കുട്ടി ഇപ്രകാരം സംസാരിക്കുന്നില്ല യെങ്കിൽ സ്പീച്ച് ലാംഗേജ് പത്തോളജിസ്റ്റിനെ സമിപിക്കേണ്ടാതാണ്.

6. സ്പീച്ച് തെറാപ്പി എത്ര നാൾ കൊടുക്കേണ്ടി വരും ?

സമയ പരിധി പറയുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഇന്റർവെൻഷനുശേഷം കുട്ടിയിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ, വീട്ടിൽ നിന്ന് ലഭിക്കുന്ന ഉത്തേജനം, വ്യകതിഗത ഘടകങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

7. എന്റെ കുട്ടിയുടെ ഭാഷാ വികസനം സാധ്യമാക്കാൻ ഞാൻ എന്തെല്ലാം ചെയ്യണം?

- കുട്ടിയുടെ സംസാരം ശ്രദ്ധിക്കുകയും തിരിച്ചു മറുപടി പറയുകയും ചെയ്യുക.
- കുട്ടിയോട് സംസാരിക്കുക, കളിക്കുക, വായിക്കുക.
- നമുക്കു ഏറ്റവും നന്നായി കൈകാര്യം ചെയ്യാനാവുന്ന ഭാഷയിൽ കുഞ്ഞിനോടു സംസാരിക്കുക.
- നിങ്ങൾ എന്താണ് ചെയ്യുന്നത് എന്നും കുഞ്ഞു എന്താണ് ചെയ്യുന്നത് എന്നും പറഞ്ഞു കൊടുക്കുക.
- കൂടുതൽ വ്യത്യസ്തമായ വാക്കുകൾ ഉപയോഗിക്കുക.
- കുഞ്ഞിന്റെ പ്രായത്തിനനുസരിച്ച് അനുയോജ്യമായ വാക്യങ്ങൾ ഉപയോഗിക്കുക.
- നിങ്ങളുടെ കുഞ്ഞിനെ മറ്റു കുട്ടികളുമായി ഇടപഴകാനും കളിക്കുവാനും അവസരം നൽകുക.
- ചിത്രങ്ങൾ കാണിച്ച് അവയിലൂടെ ഭാഷയെ വളർത്തുക.
- കുഞ്ഞിന്റെ ചോദ്യങ്ങളെ പ്രോത്സാഹിപ്പിക്കുക.
- ചോദ്യങ്ങൾക്കു ഉത്തരം നൽകാൻ കുഞ്ഞിനു സമയം നൽകുക.
- ടിവി കാണാനും മറ്റു ഇലക്ട്രോണിക് ഉപകരങ്ങൾ ഉപയോഗിക്കാനും ഉള്ള സമയം കുറച്ച് കൂടുതൽ നേരം സംസാരിക്കുക.
- ഭാഷ കൂടുതാലായി ഉപയോഗിക്കാൻ ഉള്ള അവസരം ഉണ്ടാക്കുക.

8. ഭാഷാ വികാസത്തിലെ കാലതാമസം കുട്ടിയുടെ പഠനത്തെ ബാധിക്കുമോ ?

പഠനത്തിൽ മികച്ച പ്രകടനം കാഴ്ച വെക്കാൻ പ്രായത്തിനു അനുസരിച്ചുള്ള ഭാഷാ ആവശ്യമാണ്. ഭാഷാ വൈകല്യം ഉള്ള കുട്ടികൾക്ക് എഴുതാനും വായിക്കാനും

ബുദ്ധിമുട്ടുണ്ടാകാനുള്ള സാധ്യതയുണ്ട്. അതിനാൽ പ്രാരംഭ ഘട്ടത്തിൽ ഉള്ള തിരിച്ചറിവ് പഠനത്തിൽ മികച്ച പ്രകടനം കാഴ്ച്ച വെക്കാൻ സഹായിക്കുന്നു.

9. ഭാഷവൈകല്യമുള്ള കുട്ടികളുടെ ഭാഷ വികാസത്തിൽ മാതാപിതാക്കളുടെ പങ്ക് എന്താണ്?

കുഞ്ഞിന്റെ ഭാഷ വികാസത്തിന് പ്രധാന പങ്കു വഹിക്കുന്നത് മാതാപിതാക്കൾ ആണ്. ഭാഷയിലെ പ്രയാസം എങ്ങനെ ഒഴിവാക്കാം എന്ന് സ്പീച്ച് പാത്തോളജിസ്റ്റ് മാതാപിതാക്കൾക്ക് പറഞ്ഞുകൊടുക്കുന്നു. വീട്ടിൽ നിരന്തരമായ ഭാഷ പരിശീലനത്തിലൂടെ മാതാപിതാക്കൾക്ക് കുട്ടികളിൽ ഭാഷ വളർത്തിയെടുക്കാൻ സാധിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ടവർ


1. മിസ്. ശ്രീബ ശ്രീധർ

   ഓഡിയോളജിസ്റ്റ്, സ്പീച്ച് പത്തോളജിസ്റ്റ്

   നിഷ്, തിരുവനന്തപുരം ഫോൺ:0471-3066650

2. മിസ്. രജിത എൽ

   സോഷ്യൽ വർക്കർനിഷ്,

   തിരുവനന്തപുരം. ഫോൺ:0471-3066638